# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3775      15.05.2017 -ൽ മറുപടിയ്ക്ക്

**സ്വാശ്രയ കോളേജുകളിലെ ജീവനക്കാർക്ക് തൊഴിൽ സുരക്ഷ**

*ചോദ്യം*

ശ്രീ.അടൂർ പ്രകാശ്
,, എൽദോസ് കുന്നപ്പിള്ളി
,, അൻവർ സാദത്ത്
,, എ.പി. അനിൽ കുമാർ

*ഉത്തരം*

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലെ ജീവനക്കാർക്ക് തൊഴിൽ സുരക്ഷയോ മിനിമം വേതനമോ ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) (ബി) & (സി) | സംസ്ഥാനത്തെ സ്വാശ്രയ മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നിരുന്നാലും സ്വാശ്രയ മേഖലയിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 04.02.2017 തീയതിയിലെ സ.ഉ.(എം.എസ്) നം.37/2017/ഉവിവ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.കെ. ദിനേശൻ ചെയർമാനും ഡോ. കെ.കെ. എൻ.കുറുപ്പ്, ഡോ. ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ 4 മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്ന കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുവാനും മാനേജ്മെന്റിന്റെ അന്യായമായ ഇടപെടൽ ഒഴിവാക്കുവാനും നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | | |
| (സി) | എന്നത്തേക്ക് ഇതിനുള്ള നടപടികൾ ആരംഭിക്കുമെന്നറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ